(ബി) ശരിയാണ്.

(സി) അതാതു വർഷം ജൂലൈ 1 ന് 18 വയസ്സ് പൂർത്തിയായവർക്ക് "എസ്.ഡി.ഇ" നടത്തുന്ന പ്രവേശന പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്. അതിൽ വിജയിക്കുന്നവരെ ഒന്നാം വർഷ ബി.എ/ബി.കോം കോഴ്സിന് ചേർക്കുന്നതാണ്.

(ഡി)

വർഷം	എണ്ണം
1990-91	4198
1991-92	3759
1992-93	3185
1993-94	3500
1994-95	5000
1995-96	5100
1996-97	7537
1997-98	6666
1998-99	8504

(ഇ) കേരള യൂണിവേഴ്സിറ്റി അംഗീകരിച്ചിട്ടില്ല. പൊതുവേ കേരളത്തിലെ സർവ്വകലാശാലകൾ അംഗീകരിച്ചിട്ടുള്ള ഏത് ഡിഗ്രിയും കേരള പി.എസ്.സി. സ്വീകരിക്കുന്നുണ്ടെന്ന് കമ്മീഷൻ സെക്രട്ടറി സർവ്വകലാശാലയെ അറിയിച്ചിട്ടുണ്ട്. എന്നിരുന്നാലും സർവ്വകലാശാലയുടെ ഓപ്പൺ ബി.എ/ബി.കോം ഡിഗ്രി കേരള പി.എസ്.സി. സ്വീകരിക്കാത്തതിന്റെ വ്യക്തമായ കേസ്സുകളുണ്ടെങ്കിൽ അവ കമ്മീഷനെ അറിയിക്കണമെന്നും അത്തരം കേസ്സുകൾ അവയുടെ അർഹത (മെറിറ്റ്) അനുസരിച്ച് പരിശോധിക്കുമെന്നും കമ്മീഷൻ സെക്രട്ടറി അറിയിച്ചിട്ടുള്ളതായി സർവ്വകലാശാല റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(എഫ്) ഈ ഡിഗ്രികൾ അംഗീകരിക്കണമെന്ന് പി.എസ്.സിയോട് സർവ്വകലാശാല ആവശ്യപ്പെട്ടിട്ടുണ്ടെന്ന് സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ജി) അതെ.

(എച്ച്) ഉണ്ട്. കേരള ഹൈക്കോടതിയിലെ ഒ.പി.നം. 19543/96, 18643/99 എന്നീ കേസ്സുകളിൽ ഹൈക്കോടതി ഹർജിക്കാരുടെ ആവശ്യത്തിന് എതിരായി വിധി തീർപ്പാക്കിയിട്ടുണ്ട്. ഇതിനെതിരെ അപ്പീൽ സമർപ്പിക്കുന്നകാര്യം യൂണിവേഴ്സിറ്റി പരിഗണിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്.

67 (2445) കാലിക്കറ്റ് സർവ്വകലാശാല സിൻഡിക്കേറ്റ്

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയിലെ നോമിനേറ്റഡ് സിൻഡിക്കേറ്റ് അധികാരത്തിൽ തുടരുന്നതിന് നിയമ സാധുതയുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നോമിനേറ്റഡ് സിൻഡിക്കേറ്റിന്റെ കാലാവധി കഴിഞ്ഞതിനാൽ പുതിയ സിൻഡിക്കേറ്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) നിയമസാധുതയുണ്ടെന്ന് അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ലഭിച്ചിട്ടുണ്ട്.

(ബി) പുതിയ സിൻഡിക്കേറ്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

68 (2446) കോളേജ് വിദ്യാഭ്യാസ വകുപ്പിലെ ഒഴിവുകൾ

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ഡയറക്ടർ, അഡീഷണൽ ഡയറക്ടർ, മേഖലാ ഡെപ്യൂട്ടി ഡയറക്ടർ എന്നീ തസ്തികകളിൽ 1998 മാർച്ചിനുശേഷം എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ട്;

(ബി) ഇവയിലേയ്ക്ക് നിയമനം നടത്താത്തത് എന്തുകൊണ്ടാണ്;

(സി) പ്രസ്തുത വകുപ്പിൽ എത്ര പ്രിൻസിപ്പൽമാരുടെ സ്ഥാനങ്ങൾ ഒഴിഞ്ഞുകിടക്കുന്നു;

(ഡി) ഈ വകുപ്പിൽ എത്ര അദ്ധ്യാപകരുടെ ഒഴിവുണ്ട്;

(ഇ) പ്രൈവറ്റ് കോളേജുകളിൽ എത്ര ഒഴിവുകൾ നികത്താതെ കിടപ്പുണ്ട്; പ്രസ്തുത ഒഴിവുകൾ എന്നത്തേക്ക് നികത്തുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)-(ഇ) വിവരം ശേഖരിച്ച് അറിയിക്കുന്നതാണ്.

69 (2447) അൺ എയിഡഡ് കോളേജുകളിലെ ജീവനക്കാരുടെ സേവനവേതന വ്യവസ്ഥകൾ

ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ സർവ്വകലാശാലകൾക്കു കീഴിൽ പ്രവർത്തിക്കുന്ന അൺ എയിഡഡ് കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചിട്ടുണ്ടോ;

(ബി) അതിനുവേണ്ടി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം ഏതുവരെയായി എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) 1995 ൽ ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly